(ബി) ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിൽ ടി പദ്ധതി വഹിക്കുന്ന പങ്ക് പരിഗണിച്ച് ഇത് കൂടുതൽ വ്യാപകമാക്കുന്നതിനും പരിമിതികൾ പരിഹരിച്ച് കാര്യക്ഷമമായി നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2012-13-ൽ തുടങ്ങിയ സമഗ്ര പച്ചക്കറി വികസന പദ്ധതി കഴിഞ്ഞ മൂന്നുവർഷങ്ങളിലായി വളരെ വിജയകരമായി നടപ്പിലാക്കി വരികയാണ്. തുടർന്നും 2016-17 വർഷത്തിൽ ജൈവ പച്ചക്കറി കൃഷിക്ക് ഊന്നൽ നൽകി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നെൽ കർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി

134 (2968) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽ കർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞോയെന്ന് വ്യക്തമാക്കുമോ;

(ബി) നെൽ കർഷകർക്ക് വേണ്ടി സബ്സിഡി ഇനത്തിൽ ഇതുവരെ എത്ര തുക ചെലഴിച്ചു; എത്ര കർഷകർക്ക് സബ്സിഡിയുടെ പ്രയോജനം ലഭിച്ചു; വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടില്ല.

(ബി) 2015-16 വർഷം ഇതുവരെയായി 7663.7 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ഏകദേശം രണ്ടുലക്ഷത്തോളം കർഷകർക്ക് സബ്സിഡിയുടെ പ്രയോജനം ലഭിക്കുകയുണ്ടായി.

കർഷക കടാശ്വാസ കമ്മീഷൻ

135 (2969) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ ലഭിച്ച ആകെ ലഭിച്ച അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകളുടെ ജില്ലതിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഷിക തകർച്ചയും മറ്റ് കാരണങ്ങളാലും കൃഷിക്കാർ അവശത അനുഭവിക്കുന്ന സാഹചര്യത്തിൽ അവർക്കുള്ള കടാശ്വാസ അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ പറയാമോ?

ഉത്തരം

(എ) കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ ആകെ ലഭിച്ച അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുള്ളവയുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	തീർപ്പാക്കേണ്ട അപേക്ഷകളുടെ എണ്ണം
1	തിരുവനന്തപുരം	2558
2	കൊല്ലം	44
3	പത്തനംതിട്ട	35
4	ആലപ്പുഴ	2627
5	കോട്ടയം	105
6	ഇടുക്കി	37851
7	എറണാകുളം	25
8	തൃശ്ശൂർ	25
9	പാലക്കാട്	2351
10	മലപ്പുറം	239
11	കോഴിക്കോട്	1866
12	വയനാട്	10837
13	കണ്ണൂർ	11733
14	കാസർഗോഡ്	10838
	ആകെ	**81134**

(ബി) കടാശ്വാസത്തിനായി ലഭ്യമായ അപേക്ഷകളിന്മേൽ അർഹത നിശ്ചയിക്കുന്നതിനായി കടാശ്വാസ കമ്മീഷൻ ആക്ട് വ്യവസ്ഥ ചെയ്യുന്ന പ്രകാരം ആവശ്യമായ പരിശോധനകൾ നടത്തേണ്ടതും കക്ഷികളിൽ നിന്നും ബന്ധപ്പെട്ട ബാങ്കുകളിൽനിന്നും ആവശ്യമായ രേഖകൾ വരുത്തി വിചാരണ നടത്തേണ്ടതുമുണ്ട്. വിവിധ ജില്ലാകേന്ദ്രങ്ങളിൽ വച്ചും കമ്മീഷൻ ഓഫീസിൽ വച്ചും ലഭ്യമായ ഭൗതിക സാഹചര്യമുപയോഗിച്ച് പരമാവധി വേഗത്തിൽ അപേക്ഷകൾ തീർപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly